# അയൽക്കാരന്റെ അവകാശങ്ങൾ

عَن أَبِي هُرَيْرَةَ رَضِيَ اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: مَنْ كَانَ يُؤْمِنُ بِاللهِ وَالْيَوْمِ الْآخِرِ فَلْيَقُلْ خَيْرًا أَوْ لِيَصْمُتْ وَ مَنْ كَانَ يُؤْمِنُ بِاللهِ وَالْيَوْمِ الْآخِرِ فَلْيُكْرِمْ جَارَهُ وَمَنْ كَانَ يُؤْمِنُ بِاللهِ وَالْيَوْمِ الْآخِرِ فَلْيُكْرِمْ ضَيْفَهُ

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തതു: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലതു സംസാരിക്കട്ടെ; അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തന്റെ അയൽക്കാരനെ ആദരിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ അതിഥിയെ ആദരിക്കട്ടെ."** (ബുഖാരി, മുസ്‌ലിം)

**സത്യവിശ്വാസിക്ക്** അയൽക്കാരനോടുള്ള കടപ്പാടുകളും ബാധ്യതകളും വിവരിക്കുകയാണ് ഈ ഹദീസിൽ. സാമൂഹിക ജീവിതത്തിൽ ഏറ്റവും കൂടുതൽ ഉപകാരപ്പെടുന്നവരാണ് അയൽവാസികൾ. അങ്ങേയറ്റം സൗഹാർദത്തിലേ അവരുമായി ഇടപെടാവൂ. ഇബാദത്ത് ചെയ്യാനും ബഹുദൈവത്വം വർജിക്കാനും ആജ്ഞാപിച്ചതിനുശേഷം ബന്ധുക്കളും അന്യരുമായ മുഴുവൻ അയൽക്കാരോടും നല്ല നിലയിൽ വർത്തിക്കാൻ ഖുർആൻ ആജ്ഞാപിച്ചിട്ടുണ്ട് (4:36). ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീസ് ഇങ്ങനെയാണ്. റസൂൽ(സ) പറയുകയുണ്ടായി: "ജിബ്‌രീൽ എന്നോട് അയൽവാസികളെ കുറിച്ച് തുടർച്ചയായി ഉപദേശിച്ചു കൊണ്ടിരുന്നു. അവരെ അനന്തരാവകാശികളായി നിശ്ചയിച്ചേക്കുമോ എന്നുപോലും ഞാൻ ആശങ്കിച്ചു പോയി."

അയൽക്കാർക്ക് ഉപകാരം ചെയ്യാതിരിക്കൽ അവരെ ഉപദ്രവിക്കുന്നത് പോലെ കുറ്റകരമാണ്. മറ്റുള്ളവരെ അവഗണിച്ച് സ്വന്തത്തിലേക്ക് ചുരുങ്ങിക്കൂടുന്നവനല്ല സത്യവിശ്വാസി. നമ്മുടെ കുടുംബത്തെ പോലെ തന്നെ അയൽക്കാരെയും സ്നേഹിക്കണം. ഉപദ്രവം ഭയന്നാണെങ്കിൽ പോലും അയൽക്കാരനു നേരെ വാതിൽ കൊട്ടിയടക്കരുത്.

ഒരു നബിവചനം ഇപ്രകാരമാണ്: "അന്ത്യനാളിൽ എത്രയെത്ര ആളുകളാണ് അയൽക്കാരോടൊപ്പം ദൈവസന്നിധിയിൽ ഹാജരാവുക. അയൽക്കാരൻ പറയും. എന്റെ നാഥാ ഇവർ എന്റെ നേരെ വാതിൽ കൊട്ടിയടക്കുകയും ഇവന്റെ നന്മകൾ എനിക്ക് തടയുകയും ചെയ്തു." (ബുഖാരി).

അയൽപക്കബന്ധത്തിന്റെ കാതൽ സ്നേഹവും നല്ല പെരുമാറ്റവുമാണ്. ഉപകാരത്തിന്റെയും സഹകരണത്തിന്റെയും വാതിലുകൾ അയൽക്കാരനുവേണ്ടി തുറക്കണം. പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ അവ തരണം ചെയ്യാൻ അയൽവാസിയുടെ സഹായിയായി വർത്തിക്കണം. പ്രമുഖ സ്വഹാബി അബൂദർറുൽ ഗിഫാരി(റ)യെ പ്രവാചകൻ ഉപദേശിച്ചു:

"നീ കറി പാകം ചെയ്താൽ അതിൽ വെള്ളം ചേർത്തെങ്കിലും അയൽക്കാരനുമായി പങ്കുവെക്കാൻ മറക്കരുത്" പ്രവാചകൻ സ്ത്രീകളോട് പറഞ്ഞു: "നിങ്ങളിൽ ഒരാളും തന്റെ അയൽവാസിക്ക് ചെയ്യുന്ന ദാനത്തെ നിസാരമായി കാണരുത്. അത് ഒരാടിന്റെ കുളമ്പാണെങ്കിൽ പോലും" (ബുഖാരി-മുസ്‌ലിം)

അയൽക്കാരന്റെ പ്രയാസങ്ങൾ മനസ്സിലാക്കാതെ നല്ലവിഭവങ്ങൾ ഉണ്ടാക്കി കൊതിപ്പിക്കുന്നത് മാന്യമായ രീതിയല്ല. പണക്കാരന്റെ വീട്ടിലുണ്ടാക്കുന്ന വിഭവങ്ങൾ കിട്ടണമെന്ന് അയൽവീട്ടിലെ പാവപ്പെട്ട കുട്ടികൾ ആഗ്രഹിക്കുന്നു. ഇത് ലഭിക്കാതെ വരുമ്പോൾ അവരുടെയും മാതാപിതാക്കളുടെയും മനസ്സ് വേദനിക്കുകയും പ്രയാസപ്പെടുകയും ചെയ്യുന്നു. ഇത് ഒഴിവാക്കാൻ വേണ്ടിയാണ് വിഭവങ്ങളൊരുക്കുമ്പോൾ ഒരു പങ്ക് അയൽക്കാരന് നൽകണമെന്നും അതിന് സാധിച്ചില്ലെങ്കിൽ രഹസ്യമായി വെക്കണമെന്നും നിർദേശിച്ചിരിക്കുന്നത്. നിസ്സാര കാര്യങ്ങൾക്ക് വേണ്ടി അയൽവാസികളുമായി പ്രശ്നങ്ങളുണ്ടാക്കുന്നവർ ഈ പ്രവാചകപാഠങ്ങൾ ഓർത്തിരുന്നെങ്കിൽ! ■

**എ. തസ്നീം മുഹമ്മദ്**
**ബീനാച്ചി**